
# Academic Master Plan

## 2025-26



ALPS
KUNNATHARA

# ആമുഖം

കാലത്തിന്റെയും ദേശത്തിന്റെയും മാറിവരുന്ന അഭിരുചികൾക്കും, അവബോധങ്ങൾക്കും അനുസരിച്ച് നിരന്തരം നവീകരിക്കപ്പെട്ടു കൊണ്ടാണ് നമ്മുടെ വിദ്യാഭ്യാസം വളരുന്നത്. കഴിഞ്ഞ ദശകങ്ങളിൽ നമ്മുടെ കേരളം ഒട്ടേറെ വിദ്യാഭ്യാസ പരിഷ്കാരങ്ങൾക്ക് സാക്ഷ്യം വഹിക്കുകയുണ്ടായി. അതാത് കാലത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് തലമുറകളെ സജ്ജമാക്കുകയാണ് ഭൗതിക വിദ്യാഭ്യാസത്തിന്റെ ആത്യന്തികമായ പ്രായോഗിക ലക്ഷ്യം എന്നതിനാൽ കാലോചിതമായ പരിഷ്കരണങ്ങൾ അനിവാര്യമാകുന്നു.

കുട്ടിയുടെ അറിവ്, കഴിവ്, മനോഭാവം, മൂല്യബോധം ഇവയെല്ലാം വിദ്യാഭ്യാസം സമഗ്രമായി സ്വാധീനിക്കുന്നു. മനോഭാവവും മൂല്യബോധവും ഏറെക്കുറെ സ്ഥിര സ്വഭാവം പുലർത്തുന്നുവെന്നു പറയാം. എന്നാൽ അറിവ് അനുക്ഷണം വികസിച്ചുകൊണ്ടിരിക്കുകയാണ്.

ഓരോ കാലവും വിദ്യാർത്ഥിയിൽ നിന്നാവശ്യപ്പെടുന്ന കഴിവുകൾ വ്യത്യസ്തമാണ്. കഴിഞ്ഞ തലമുറയ്ക്ക് കമ്പ്യൂട്ടർ പരിജ്ഞാനം ആവശ്യമായിരുന്നില്ല. പുതിയ തലമുറയിലെ കമ്പ്യൂട്ടറിയാത്തവർ നിരക്ഷരരാണ് എന്നാണ് പരിഗണിക്കപ്പെടുന്നത്. ചുരുക്കത്തിൽ വിദ്യാഭ്യാസം തടാകം പോലെ നിശ്ചലമായി നിലകൊള്ളുന്നതല്ല. കേരളത്തിന്റെ സമകാലീന വിദ്യാഭ്യാസ ചരിത്രം ഈ ചലനാത്മകതയെ അടയാളപ്പെടുത്തുന്നു.

വിദ്യാഭ്യാസം മുഖ്യമായും ഒരു ഭരണവർഗ സ്ഥാപനമായിരിക്കുമ്പോൾ നിലവിലുള്ള വ്യവസ്ഥിതിയുടെ സുഗമമായ നടത്തിപ്പിനാവശ്യമായ സാംസ്കാരികവും സാമൂഹികവുമായ സാഹചര്യമൊരുക്കലും അതിനൊത്ത വിധം മനുഷ്യവിഭവം പാകപ്പെടുത്തലും വിദ്യാലയ ധർമമായിത്തീരുന്നു.

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ സക്രിയമായി ഇടപെട്ട് ജീവിക്കാനാവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച് സമൂഹത്തെ മുന്നോട്ടു നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണല്ലോ വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം.

ജീവിതത്തിന്റെ സമസ്ത മേഖലകളും നിമിഷനേരം കൊണ്ട് മാറിക്കൊണ്ടിരിക്കുന്നു. ബോധന ശാസ്ത്രം, പഠന മന:ശാസ്ത്രം എന്നിവയിലെ പുതിയ കണ്ടെത്തലുകളും പ്രായോഗികാനുഭവങ്ങളും കുറേക്കൂടി മെച്ചപ്പെട്ട രീതിയിൽ പഠന സാമഗ്രികളുടെ നിർമ്മാണത്തിന് പഠനാനുഭവങ്ങളുടെ വിനിമയവും വിലയിരുത്തലും നടത്തുന്നതിന് നമ്മെ പ്രാപ്തരാക്കുന്നു. എല്ലാ വിഭാഗം കുട്ടികളുടെയും പഠന പുരോഗതി നാം ലക്ഷ്യം വയ്ക്കുന്നു.

അറിവിനെ നിർമ്മിക്കുന്ന പ്രക്രിയയാണ് ക്ലാസ് മുറികളിൽ നടക്കേണ്ടതെന്ന തിരിച്ചറിവിന് അടിസ്ഥാനമായാണ് കുട്ടിയെ വിദ്യാഭ്യാസ പ്രക്രിയയുടെ കേന്ദ്രസ്ഥാനത്തു നിർത്തുന്ന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കാൻ കഴിഞ്ഞിട്ടുണ്ട്.

കേരളം മറ്റുപല രംഗങ്ങളിലുമെന്ന പോലെ വിദ്യാഭ്യാസ രംഗത്തും ഏറെ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. സമൂഹത്തിന്റെ സഹകരണവും സഹായങ്ങളും വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വപരമായ പങ്കും ഇവിടെ നടപ്പാക്കിയ വിവിധ പ്രോജക്ടുകളും ഈ പുരോഗതിക്ക് കാരണമായിട്ടുണ്ട്. അതിലുപരി അധ്യാപക സമൂഹത്തിന്റെ അക്ഷീണ പ്രയത്നം ഇതിനു ഉത്തേജകമായിട്ടുണ്ട്.

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അക്കാദമിക രംഗം കൂടുതൽ ശക്തമാക്കുന്നതിനായി എല്ലാ വിദ്യാലയങ്ങളും അക്കാദമിക ~~[illegible]~~ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കി. മാസ്റ്റർ പ്ലാനുകൾക്കനുസരിച്ച് മികച്ച പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തി. നല്ല മാതൃകകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇവയെല്ലാം വിജയത്തിലേക്കുള്ള നാഴികക്കല്ലുകളാണ്.

# അടിസ്ഥാന വിവരങ്ങൾ

സ്കൂളിന്റെ പേര് : എ. എൽ. പി. എസ് കുന്നത്തേരി

ജില്ല : തൃശ്ശൂർ

വിദ്യാഭ്യാസ ജില്ല : ചാവക്കാട്

വിദ്യാഭ്യാസ ഉപജില്ല : വടക്കാഞ്ചേരി

താലൂക്ക് : തലപ്പിള്ളി

ബ്ലോക്ക് : പഴയന്നൂർ

പഞ്ചായത്ത് : പഴയന്നൂർ

ബി. ആർ. സി : പഴയന്നൂർ

സി. ആർ. സി : ജി. എൽ. പി. എസ്. പഴയന്നൂർ

വില്ലേജ് : വടക്കേത്തറ

വാർഡ് : 4

ഹെഡ്മിസ്ട്രസ്സിന്റെ പേര് : പ്രമീള

വിദ്യാലയം സ്ഥാപിച്ച വർഷം : 1912

വിദ്യാലയത്തിൽ പ്രവർത്തിക്കുന്ന ക്ലാസ്സുകൾ : പ്രൈമറി. I, II, III, IV

# വിദ്യാലയ ചരിത്രം

1912 ൽ ഒന്ന്, രണ്ട് ക്ലാസ്സുകളോടെ പഴയന്നൂർ ആലത്തൂർ റോഡിന്റെ തെക്കുവശത്തായി വിദ്യാലയം ആരംഭിച്ചു. കെട്ടിട നിർമ്മാണത്തിന് 900 രൂപയും പഠനോപകരണങ്ങൾക്ക് 84 രൂപയും കൊച്ചി രാജാവ് അനുവദിച്ചു നൽകി. 1936 ൽ ഡെപ്യൂട്ടി ഇൻസ്പെക്ടറായിരുന്ന ശ്രീമതി. ദേവകിയമ്മ കുന്നത്തറയിലുള്ള സാംബവ സ്കൂളും എയ്ഡഡ് മലയാളം സ്കൂളും കൂട്ടിച്ചേർത്ത് ഒരു സ്കൂളായി പ്രവർത്തിക്കാനുള്ള നിർദ്ദേശം വയ്ക്കുകയും 1945 ൽ സുന്ദരയ്യർ ഡെപ്യൂട്ടി സ്പീക്കറായിരിക്കെ ഈ സ്കൂളുകൾ കൂട്ടി ച്ചേർക്കപ്പെടുകയും ചെയ്തു. 1946 ൽ 4-10 ക്ലാസ്സ് ആരംഭിച്ചു. 14 ഡിവിഷനുകളായി അഞ്ഞൂറിലധികം കുട്ടികൾ 1957 ൽ ഉണ്ടായിരുന്നു. കുട്ടികളുടെ എണ്ണം വർദ്ധിച്ചതോടെ ഓരോ ക്ലാസ്സും 5 ഡിവിഷനുകളായി ആയിരത്തോളം കുട്ടികൾ പഠിക്കുന്ന സ്ഥാപനമായി വളർന്നു. 1995 വരെയും ഈ സ്ഥിതി തുടർന്നു. എന്നാൽ സമീപ പ്രദേശങ്ങളിൽ ധാരാളം അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ വന്നതോടെ ഇവിടുത്തെ കുട്ടികളുടെ എണ്ണവും കുറഞ്ഞു തുടങ്ങി.

2021 ൽ പ്രമീള ടീച്ചർ പ്രധാന അധ്യാപികയായി വന്നതോടെ സ്കൂളിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെട്ടു തുടങ്ങി. OSA അംഗങ്ങളുടെയും, വാർഡ് മെമ്പർ ശ്രീ. അനീസിന്റെയും സഹായ-സഹകരണങ്ങളോടെ സ്കൂളിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമായി. LKG, UKG ക്ലാസ് നവീകരണം, കുട്ടികൾക്കായുള്ള കളിസ്ഥലമൊരുക്കൽ എന്നിവ നടത്തുകയുണ്ടായി. പഠനപ്രവർത്തനങ്ങളുടെ മികവിലൂടെയും, അധ്യാപകരുടെയും രക്ഷിതാക്കളുടെയും കൂട്ടായ പ്രവർത്തനങ്ങളുടെയും സ്കൂളിനെ വീണ്ടും ഉയർത്തി കൊണ്ടുവരാൻ സാധിച്ചു. ഇനിയും ഒരുപാട് പ്രവർത്തനങ്ങളിലൂടെ സ്കൂളിനെ മുൻ നിരയിലെത്തിക്കാൻ ശ്രമിച്ചു കൊണ്ടിരിക്കുന്നു. ഭൗതിക സാഹചര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനു വേണ്ടി പുതിയ കെട്ടിട നിർമ്മാണത്തിനുള്ള പ്രവർത്തനങ്ങൾ പ്ലാൻ ചെയ്തു വരുന്നു. സ്കൂളിനെ മികച്ചതാക്കാൻ ഇനിയും ഒട്ടേറെ പ്രവർത്തനങ്ങൾ ചെയ്യേണ്ടതുണ്ട്. സർവ്വേശ്വരന്റെ കൃപയാൽ എല്ലാം പെട്ടെന്ന് തന്നെ നടക്കും എന്ന് പ്രതീക്ഷിച്ചു കൊണ്ട് ആത്മവിശ്വാസത്തോടെ ഞങ്ങൾ മുന്നോട്ട് ....

# സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം

സ്കൂളുകളിൽ അക്കാദമിക് മികവും

ഗുണനിലവാരവും കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ആരംഭിച്ച ഒരു പുതിയ സംരംഭമാണ് സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം. സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് ഓരോ വിദ്യാലയത്തെയും ഈ പദ്ധതിയുടെ ഭാഗമായി മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുക എന്നത് പൊതു ലക്ഷ്യമായി വിദ്യാഭ്യാസ വകുപ്പ് അംഗീകരിച്ചിട്ടുണ്ട്.

ലക്ഷ്യങ്ങൾ

- അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് ഗുണമേന്മ ഉറപ്പുവരുത്തൽ
- മൂല്യനിർണ്ണയ രീതിശാസ്ത്രം പരിഷ്കരിക്കുകയും സമഗ്രമായി നടപ്പിലാക്കുന്നുവെന്ന് ഉറപ്പ് വരുത്തൽ.
- സാങ്കേതിക വിദ്യ, സൗഹൃദ ക്ലാസ്റൂം പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തൽ.
- ഭരണപരമായ കാര്യക്ഷമത വർദ്ധിപ്പിക്കൽ.
- അധ്യാപക പരിശീലനം ഉറപ്പുവരുത്താനും നവീകരിക്കുവാനും പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി ഉറപ്പു വരുത്തുന്നതിനും.

• ലക്ഷ്യം

• വിദ്യാഭ്യാസ രംഗത്തെ ഗവേഷണ പ്രവർത്തനങ്ങൾ നവീകരിക്കുവാനും നൂതനമാക്കുന്നതിനും.

• ഗുണമേന്മാ വിദ്യാഭ്യാസത്തിനായി സമൂഹത്തിലെ മറ്റു സ്ഥാപനങ്ങൾ, വകുപ്പുകൾ, സമിതികൾ, എന്നിവയുടെ സഹകരണം ഉറപ്പാക്കുന്നതിന്.

• ഗുണമേന്മാ വിദ്യാഭ്യാസ പരിപാടിയെ കുറിച്ച് ജനങ്ങളെ അറിയിച്ച് അവരുടെ സഹകരണം ഉറപ്പാക്കുന്നതിനുള്ള പ്രചാരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന്.

പൊതുവിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ചു നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മാ പദ്ധതിയുടെ ഭാഗമായി കുട്ടികളിൽ പ്രകടമായ മാറ്റം ഉണ്ടാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വിവിധ അക്കാദമിക വേദികളിൽ ഉൾപ്പെടുത്തിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. പഠനപ്രവർത്തനങ്ങൾ, ശിശുസൗഹാർദപരവും കൂടുതൽ ആസ്വാദ്യകരവുമാക്കി മാറ്റാനും അതോടൊപ്പം കുട്ടികളുടെ പഠനപ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്താനും ലക്ഷ്യമിടുന്നു.

# സ്കൂൾ അസംബ്ലി

ആഴ്ചയിൽ മൂന്നു ദിവസം നിർബന്ധിത അസംബ്ലിയും വിശേഷ ദിവസങ്ങളിൽ സ്പെഷൽ അസംബ്ലിയും വിദ്യാലയത്തിൽ സംഘടിപ്പിക്കുന്നു. ഓരോ അസംബ്ലിയിലും വൈവിധ്യമാർന്ന ചിന്താവിഷയങ്ങൾ പങ്കുവയ്ക്കപ്പെടുന്നു.

കുട്ടികൾക്ക് ശാരീരികവും മാനസികവുമായ ഊർജ്ജം പകരുന്ന വ്യായാമങ്ങളും കുട്ടികളുടെ ബുദ്ധിവികാസത്തിനാവശ്യമായ കുസൃതി ചോദ്യങ്ങളും ക്വിസുകളും അസംബ്ലിയുടെ ഭാഗമാകാറുണ്ട്.

ഓരോ വിശേഷ ദിവസങ്ങളിലും അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ അസംബ്ലിയിൽ ഉൾപ്പെടുത്തുന്നു. വിശേഷദിവസങ്ങളിൽ അതുമായി ബന്ധപ്പെട്ട വിശിഷ്ട വ്യക്തികളെക്കൂടി ഉൾപ്പെടുത്തുന്നതിനും ശ്രദ്ധിക്കുന്നു. മേന്മ ഉറപ്പു വരുത്തുന്ന പ്രവർത്തനങ്ങളാണ് ഓരോ അസംബ്ലിയിലും നൽകേണ്ടത്.

# PTA, MPTA, SMC യോഗങ്ങൾ

സ്കൂളിലെ എല്ലാ പ്രവർത്തനങ്ങളിലും തീരുമാനങ്ങൾ എടുക്കുന്നത് പി.ടി.എ. യോഗങ്ങൾ ചേർന്നാണ് അതുപോലെ സുപ്രധാനമായ മറ്റു കാര്യങ്ങൾ PTA, MPTA, SMC യോഗങ്ങൾ ചേർന്നാണ് തീരുമാനമെടുക്കാറുള്ളത്. വളരെ ശക്തമായ കമ്മിറ്റി യാണ് സ്കൂളിനുള്ളത്.

സ്കൂളിലെ എല്ലാ കാര്യങ്ങളിലും നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഒരു കമ്മിറ്റിയാണ് ഉള്ളത്. പഠന പാഠ്യേതര പ്രവർത്തനങ്ങളിൽ എല്ലാ പിന്തുണയും നൽകി വരുന്നു. സ്കൂളിന്റെ മികവാർന്ന പ്രവർത്തനം ലക്ഷ്യം വെച്ചാണ് ഈ കമ്മിറ്റികൾ പ്രവർത്തിക്കുന്നത്.

# OSA കമ്മിറ്റി

വളരെ നന്നായി പ്രവർത്തിച്ചു വരുന്ന ഒരു OSA കമ്മിറ്റി സ്കൂളിൽ പ്രവർത്തിച്ചു വരുന്നു. വാർഡ് മെമ്പർ ശ്രീ. ഹാരിസ്, ശ്രീകുമാർ, കരുണാകരൻ, രവീന്ദ്രൻ, അംബികവല്ലി ടീച്ചർ, വസന്ത - പയ്യന്നൂർ എന്നീ പ്രമുഖരായ പല വ്യക്തികളും ഈ കമ്മിറ്റിയിലെ അംഗങ്ങളാണ്.

സ്കൂളിലേക്ക് കുട്ടികൾക്കായി കളി ഉപകരണങ്ങൾ കൂടാതെ LKG, UKG ക്ലാസുകളുടെ നവീകരണം എന്നീ പ്രവർത്തനങ്ങൾ ചെയ്തുകൊണ്ട് സ്കൂളിന്റെ മികച്ച പ്രവർത്തനങ്ങൾക്കായി വളരെ കരുതലായി പ്രവർത്തിക്കുന്ന ഒരു OSA കമ്മിറ്റിയാണ് ജി.എൽ.പി.എസ് കുന്നത്തറയ്ക്ക് മുതൽക്കൂട്ടായുള്ളത്.

# SRG യോഗങ്ങൾ

ഞങ്ങളുടെ സ്കൂളിന്റെ മൊത്തത്തിലുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും, ആസൂത്രണം ചെയ്യുന്നതിനുമായി എല്ലാ വ്യാഴാഴ്ചകളിലും ക്ലാസ്സ് കഴിഞ്ഞതിനു ശേഷം എസ്. ആർ. ജി യോഗങ്ങൾ അധ്യാപകർക്ക് അവരുടെ ക്ലാസ് മുറികളിൽ പഠന പ്രവർത്തനങ്ങളുമായി ഉണ്ടാകുന്ന പ്രശ്നങ്ങൾ അവതരിപ്പിക്കുകയും അതിനു സഹായകമാകുന്ന പ്രവർത്തനങ്ങൾ എല്ലാവരും കൂടി ആലോചിച്ച് കണ്ടെത്തുകയും ചെയ്യാറുണ്ട്. കഴിഞ്ഞ പാഠഭാഗങ്ങളുടെ വിലയിരുത്തലുകളും അടുത്ത ആഴ്ചകളിലെ പഠനപ്രവർത്തനങ്ങളുടെ ആസൂത്രണങ്ങളും നടത്താറുണ്ട്. പ്രധാന ദിനാചരണങ്ങളുടെ ആസൂത്രണങ്ങളും വിലയിരുത്തലുകളും ഈ യോഗങ്ങളിലും നടത്താറുണ്ട്.

# ഉച്ചഭക്ഷണം

- ആഴ്ച്ചയിൽ 5 ദിവസവും വ്യത്യസ്തമാർന്ന രണ്ടുതരം കറികൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഉച്ചഭക്ഷണ വിതരണം ഞങ്ങളുടെ വിദ്യാലയത്തിൽ മികച്ച രീതിയിൽ നടത്തണം.
- കുട്ടികളുടെ ശാരീരികവും മാനസികവുമായ വളർച്ചയ്ക്ക് ആവശ്യമായ പച്ചക്കറികളും പയറുവർഗ്ഗങ്ങളും ഉച്ചഭക്ഷണത്തിൽ ഉൾപ്പെടുത്തണം.
- ആഴ്ച്ചയിൽ ഒരിക്കൽ മുട്ടയും രണ്ടു ദിവസങ്ങളിൽ പാലും നൽകികൊണ്ട് കുട്ടികളുടെ പോഷകാഹാര ലഭ്യത ഉറപ്പുവരുത്തുന്നു.
- വിഷരഹിത പച്ചക്കറി നൽകുന്നതിനായി വിദ്യാലയത്തിൽ തന്നെ ഒരു പച്ചക്കറി തോട്ടം നിർമ്മിക്കണം.

# സ്കൂൾ സ്റ്റാഫ്
## 2025 - 26

| | |
|---|---|
| 1. പ്രമീള . M. | ഹെഡ്മിസ്ട്രസ്. |
| 2. നിഥുൻ . A.S. | സ്റ്റാഫ് സെക്രട്ടറി. |
| 3. കൃപ . കെ.യു. | SRG. കൺവീനർ |
| 4. നാരായണി . C | പ്രീപ്രൈമറി അധ്യാപിക |
| 5. ഷൈജിഷ . എം. | പ്രീപ്രൈമറി അധ്യാപിക. |
| 6. കല്യാണിക്കുട്ടി . M | കുക്ക്. |

# ലക്ഷ്യങ്ങൾ

* ഓരോ വിദ്യാർത്ഥിക്കും വിദ്യാലയാന്തരീക്ഷവും പഠന പ്രവർത്തനവും അങ്ങേയറ്റം ആസ്വാദകരമാക്കുക.

* വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

* ഉച്ചഭക്ഷണ പദ്ധതിയിലേക്ക് പച്ചക്കറികൾ ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്തുക.

* കുട്ടികൾക്ക് കൃഷിയെക്കുറിച്ചുള്ള അവബോധം ഉണ്ടാക്കുന്നതിനായി സ്കൂളിലെ കൃഷിയിടത്തിൽ പച്ചക്കറി കൃഷി ചെയ്യുന്നു.

* പഠന വിടവുകൾ നികത്തി കുട്ടികളുടെ വായന, എഴുത്ത്, എന്നിവയിൽ കൂടുതൽ മികവ് നേടാനുള്ള പ്രവർത്തനങ്ങൾ സജ്ജമാക്കുന്നു.

* വിദ്യാർത്ഥികൾക്ക് ക്ലാസ്സ്മുറി അന്തരീക്ഷത്തിന് പുറമെ കലാകായിക പ്രവർത്തി പരിചയവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഒരുക്കുന്നു.

* പഠനാന്തരീക്ഷം കൂടുതൽ ആസ്വാദകരമാക്കാൻ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ പഠന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.

* നിത്യ ജീവിതത്തിൽ ഗണിതത്തിന്റെ പ്രാധാന്യം മനസ്സിലാക്കിക്കൊണ്ട് പാട്ടിലൂടെയും കളികളിലൂടെയും ഗണിതത്തെ ആസ്വാദ്യകരമാക്കാനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

* പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുക.

* ശാസ്ത്രീയമായ അറിവ് കുട്ടികളിൽ ഉണർത്തിയെടുക്കുന്ന ഉദാത്തമായ പ്രവർത്തനങ്ങൾ തെരഞ്ഞെടുത്ത് നടപ്പിലാക്കുന്നു.

* കുട്ടി സ്വയം ആശയങ്ങൾ പ്രകടിപ്പിക്കുന്നതിനും അത് എഴുത്ത്, വായന എന്നീ ഘട്ടങ്ങളിലൂടെ കടന്നു പോകുന്നതിനും പ്രാപ്തരാകുക.

* സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായുള്ള മുന്നേറ്റത്തിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക.



വേല - അക്കാദമികം

ഉപവേല - ഗണിതം

ക്ലാസ് - 1

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | 1) ഗണിത മാഗസിൻ<br>2) ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം ഏകദിനക്യാമ്പ്<br>3) ഗണിതക്യാമ്പ് ഗണിത പ്രവർത്തനങ്ങൾ കളിയിലൂടെ | ജൂൺ-മാർച്ച്<br>സെപ്തംബർ<br>മാസത്തിൽ ഒന്ന് വീതം | SRG<br>ക്ലാസ് ടീച്ചർ<br>SRG ക്ലാസ് ടീച്ചർ | SSA |

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ്

ക്ലാസ് - I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കുവാനുള്ള അവസരം ഒരുക്കൽ | കാർട്ടൂൺ പ്രദർശനം<br>സിനിമാ പ്രദർശനം | മാസത്തിൽ ഒന്ന് | SRG | SSA. |
| | ഇംഗ്ലീഷ് അസംബ്ലി | ആഴ്ചയിൽ ഒന്ന് | Class Teacher | |

മേഖല - അക്കാദമികം

ഉപമേഖല - ഭാഷ

ക്ലാസ് - 1

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വികസനം |
|---|---|---|---|---|
| അടിസ്ഥാന ഭാഷാ ശേഷി വികസനം | 1) ഭാഷാ കളരി കുട്ടികളിലും പാട്ടുകളും കഥകളുമായി കുട്ടി കൂട്ടങ്ങൾ സംഘടിപ്പിക്കൽ | സെപ്തംബർ ഒക്ടോബർ | ക്ലാസ് ടീച്ചർ SRG SMC സ്കൂൾ വികസന സമിതി | SMC |
| | 2) അമ്മ പറയും അമ്മമാർ കുട്ടികൾക്ക് അവതരിപ്പിക്കുന്നു. | ജൂലൈ ഡിസംബർ ജനുവരി മാസത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ SRG മദർ പിടിഎ | മദർ പിടിഎ |

മേഖല - അക്കാദമികം

ഉപമേഖല - ഭാഷ

ക്ലാസ് - II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഉചിതമായ വ്യവഹാര രൂപങ്ങളിലൂടെ ലേഖന മികവ് | 1) എഴുത്തും കുത്തും ലഘു രചനയിലേക്ക് നയിക്കുന്ന രചനാ ക്യാമ്പുകൾ<br>2) ലഘുപതി-പ്പുകൾ തയ്യാറാക്കൽ | ഒക്ടോബർ<br>നവംബർ<br>ഡിസംബർ | SRG<br>SMC<br>ക്ലബ്ബുകൾ<br>മദർ PTA<br>സ്റ്റാഫ് | മദർ PTA |
| സർഗാത്മകത്വം തട്ടിയുണർത്താം | 1) രചനാശില്പ ശാല കഥ, കവിത രചന കൾക്കുള്ള വേദിയൊരുക്കൽ | ഡിസംബർ<br>ജനുവരി | SMC<br>അധ്യാപകർ<br>ക്ലബ്ബുകൾ<br>പ്രമുഖ വ്യക്തികൾ | SRG<br>SMC |

മേഖല - അക്കാദമികം

ഉപമേഖല - പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന് | ശുചിത്വ സർവേ<br>ക്ലാസ്സുകൾ<br>പോസ്റ്റർ രചനാ മത്സരം<br>അവതരണങ്ങൾ | ജൂൺ, ജൂലൈ | ക്ലാസ് ടീച്ചർ<br>SRG<br>SMC | SMC |
| പ്രകൃതിയെ അറിയാൻ | പ്രകൃതിനടത്തം<br>കാഴ്ച്ച ബംഗ്ലാവി-ലേക്ക്<br>കാണാ കാഴ്ച്ചകൾ | സെപ്തംബർ ഡിസംബർ | ടീച്ചേഴ്സ്<br>SRG<br>Smc | |
| നാടറിയാൻ - നാട്ടറിവുകൾ | കർഷകരുമായി അഭിമുഖം<br>കൃഷിയിടത്തിലേക്ക്<br>നമ്മളും കർഷകരാകാം | ജനുവരി | SRG<br>SMC<br>നാട്ടുകാർ | |

മേഖല - അക്കാദമിക

ഉപമേഖല - ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കുവാനുള്ള അവസരമൊരുക്കൽ | Let's talk... പ്രതിഭകളുമായി സംവാദങ്ങൾ | മൂന്ന് മാസത്തിൽ ഒന്ന് | SRG<br>Class Teacher | SSA |
| | English ബാലസഭ | മാസത്തിൽ ഒന്ന് | SMC | |
| | ഇംഗ്ലീഷ് അസംബ്ലി<br>one day English | ആഴ്ചയിൽ ഒന്ന് | | |

മേഖല - അക്കാദമികം

ഉപമേഖല- ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത ചിന്താശേഷി വളർത്തൽ | ഒരു ദിനം ഒരു ചോദ്യം (കൃസൃതി കണക്കുകളും ഗണിത പസിലുകളും പരിചയപ്പെടൽ | ആഴ്ചയിൽ ഒന്ന് വീതം | SRG ക്ലാസ് ടീച്ചർ | SSA |
| | ഗണിത ക്ലബ് (ഗണിതം കളികളിലൂടെ) | മാസത്തിൽ ഒന്ന് വീതം | | |

# Class-3 EVS

| മാസം | പ്രവർത്തനങ്ങൾ | പിന്തുണാ സംവിധാനം |
|---|---|---|
| ജൂൺ | * ചെടികൾ നിരീക്ഷിക്കുന്നു<br>* പ്രകൃതി നടത്തം<br>* വിത്ത് മുളപ്പിക്കൽ<br>* വ്യത്യസ്തതരം സസ്യങ്ങൾ, പൂക്കൾ എന്നിവയെ തിരിച്ചറിയുന്നു<br>* പരിസ്ഥിതി ദിനാചരണം<br>* ഹരിതക്കാർഡ് നിർമ്മാണം | SRG |
| ജൂലൈ | * വ്യത്യസ്തതരം ജീവികളെ നിരീക്ഷണം, ചിത്രശേഖരണം<br>* മണ്ണ് നിരീക്ഷണം<br>* ജൈവവൈവിധ്യ ഉദ്യാനം നിർമ്മാണം<br>* ശലഭങ്ങൾ വരുന്ന ചെടികൾ<br>* സ്കൂൾ ഹെൽത്ത് ക്ലബ്ബ് പ്രവർത്തനങ്ങൾ | PTA, SRG<br>SRG, PTA |
| ആഗസ്റ്റ് | * മഴമാപിനി നിർമാണം<br>* ജലസംരക്ഷണ പോസ്റ്റർ നിർമാണം<br>* കിണർ സന്ദർശനം<br>* മണ്ണ് നിരീക്ഷണം<br>* രൂപങ്ങൾ നിർമ്മിക്കൽ<br>* മണ്ണ് കൊണ്ടുള്ള വ്യത്യസ്ത പരീക്ഷണങ്ങൾ<br>* ആശയപടം തയ്യാറാക്കൽ | SRG |

| മാസം | പ്രവർത്തനങ്ങൾ | പിന്തുണാ സംവിധാനം |
|---|---|---|
| സെപ്റ്റംബർ | * ശുചിത്വ പോസ്റ്റർ നിർമ്മാണം.<br>* സ്കൂൾ ശുചിത്വ ക്ലബ്ബ് പ്രവർത്തനങ്ങൾ<br>* ആരോഗ്യ ബോധവത്കരണ സെമിനാർ<br>* അഭിമുഖം - ആരോഗ്യ പ്രവർത്തകർ | SRG, PTA |
| ഒക്ടോബർ | * ഫീൽഡ് ട്രിപ്പ്<br>* food festival<br>* BMI കാണുന്നു<br>* സ്കൂൾ പച്ചക്കറിത്തോട്ടം ഒരുക്കൽ<br>* ശരിയായ ഭക്ഷണരീതി - Poster | PTA, MPTA<br>SRG |
| നവംബർ | * ആരോഗ്യ വിദഗ്ധരുടെ ക്ലാസ്<br>* റോൾപ്ലേ - രോഗ നിയമങ്ങൾ<br>* First aid kit തയ്യാറാക്കൽ<br>* സ്വയ സുരക്ഷ - പത്ര cuttings ചർച്ച<br>ബോധവത്കരണം. | CPTA<br><br>PTA |
| ഡിസംബർ | * പരീക്ഷണങ്ങൾ<br>* നിരീക്ഷണ പ്രവർത്തനം, globe, ICT<br>* ~~[illegible]~~<br>* ദേശീയ പതാക വരയ്ക്കൽ | |

| | | |
|---|---|---|
| | * ദേശീയ ചിഹ്നങ്ങൾ തിരിച്ചറിയൽ<br>* ഭൂപട വായന<br>* എന്റെ കേരളം<br>- ചിത്രരചന, കുറിപ്പ്,<br>* ഭൂപ്രകൃതി തിരിച്ചറിയൽ - google map | |
| ജനുവരി<br>ഫെബ്രുവരി | * ജീവികളുടെ കൂടുകൾ –<br>ചിത്രശേഖരണം.<br>* വ്യത്യസ്തതരം വീടുകൾ - Album<br>* വീട് നിർമ്മാണം ഇടം - സന്ദർശനം.<br>* വ്യത്യസ്തതരം ജോലികൾ - Survey<br>* അഭിമുഖം<br>* ഫീൽഡ് ട്രിപ്പ്<br>* പൊതു സ്ഥാപനം | SRG<br>PTA<br><br><br><br>SRG |
| മാർച്ച് | പഠനോത്സവം | PTA, MPTA, SRG |

ക്ലാസ്സ് - 3

AMP

മലയാളം

## ലക്ഷ്യങ്ങൾ

- സംഘപ്രവർത്തനങ്ങളിലേർപ്പെട്ട് ജനാധിപത്യ മൂല്യങ്ങൾ സ്വാംശീകരിക്കും, അവ ജീവിത സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കും.
- കവിതകളും പാട്ടുകളും ആശയ വ്യക്തതയോടെ താളാത്മകമായി ചൊല്ലി അവതരിപ്പിക്കും.
- രചനകൾ ഭാവാത്മകമായി വായിക്കും.
- ആസ്വദിച്ച ഭാഷാഘടകങ്ങൾ (കഥ, കവിത, ഡയറി, ചിത്രം) ഹൃദിസ്ഥമാവുകയും പുതിയ സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കുകയും ചെയ്യും.
- ലഘുവായ സർഗാത്മക രചനകൾ നടത്തും. (കഥ, കവിത, ഡയറി, ചിത്രം)
- കഥകളെയും, കവിതകളെയും മറ്റും നാടകം, പാവനാടകം, ചിത്രീകരണം, റീഡേഴ്സ് തിയേറ്റർ തുടങ്ങിയ രീതികളിൽ ആവിഷ്കരിക്കും.
- ലളിതമായ ആശയങ്ങൾ വ്യക്തതയോടെ എഴുതി ആവിഷ്കരിക്കും (വിവരണം, സംഭാഷണം)

ജൂൺ - ജൂലായ്

1. കനകച്ചിലങ്ക

* നാടൻ പാട്ടുകൾ ശേഖരണം
* പഴഞ്ചൊല്ലുകൾ ശേഖരണം
* കഥാശേഖരണം - ക്ലാസ് ലൈബ്രറി നവീകരണം (നാട്ടുകഥകൾ)
* നാടൻപാട്ടിലെയും കവിതയിലെയും താളം
* കഥോത്സവം (നാടൻ കഥകളുടെ അവതരണം)
* കടങ്കഥകൾ ശേഖരണം - കടങ്കഥ പാട്ടുകൾ - കടങ്കഥ പതിപ്പ് - കടങ്കഥപ്പയറ്റ്
* നാട്ടിലെ കേമൻ - കലാകാരനെ പരിചയപ്പെടാം. അഭിമുഖം
* കലാരൂപങ്ങൾ വേഷവിധാനം - ചിത്ര ശേഖരണം - ആൽബം

ആഗസ്റ്റ് - സെപ്റ്റംബർ

2. പലഹാരപ്പൊതി

* കുട്ടികൾ വരച്ച ചിത്രങ്ങളുള്ള പുസ്തകങ്ങൾ ലൈബ്രറിയിൽ ഒരുക്കിവയ്ക്കൽ
* ക്ലാസ് ലൈബ്രറിയിൽ കുട്ടിക്കഥകൾ ഒരുക്കിവയ്ക്കൽ
* നാടക ശിൽപ്പശാല
* റോൾ പ്ലേ അവതരണങ്ങൾ
* ആഹാരവുമായി ബന്ധപ്പെട്ട പാട്ടുകൾ ശേഖരണം

* പലഹാരമേള - വാചക കുറിപ്പ് തയ്യാറാക്കൽ
* കത്തുകൾ മാതൃകകൾ
* ഹരിത കർമ്മ സേന അംഗങ്ങളുമായി അഭിമുഖം
* സ്കൂൾ പത്രം
* വിദ്യാലയം ശുചിത്വ പരിപാടി തയ്യാറാക്കൽ

<u>സിപിടിഎ</u>

നാടോടിക്കഥകളുടെ അവതരണം.
നാടൻ പാട്ടുകളുടെ അവതരണം.

<u>ഒക്ടോബർ</u>

3. <u>മനുഷ്യന്റെ കൈകൾ</u>

* കൃഷിയിടം സന്ദർശനം
* കൃഷിപ്പാട്ടുകൾ കൃഷിച്ചൊല്ലുകൾ അവതരണം
* കുട്ടിക്കളികൾ - കുട്ടിക്കാലത്തെ കളി അനുഭവങ്ങൾ വിവരണം, പതിപ്പ്
* നാടൻപാട്ട് ശില്പശാല

ക്ലാസ്സ് : 3

## ഗണിതം

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം | • ഒറിഗാമി ശില്പശാല<br>• രസകരമായി ഗണിത പഠനവും നിർമ്മാണ പ്രവർത്തനങ്ങളുടെ ആസൂത്രണവും | ജൂൺ<br>ഒക്ടോബർ | SRG<br>PTA | SSA |
| ഗണിതം ലളിതമാക്കാം കളികളിലൂടെ | മെട്രിക് മേള<br>ഗണിതോത്സവം | ജനുവരി<br>മാർച്ച് | SRG<br>ക്ലാസ് ടീച്ചർ | SSA<br>ഗ്രാന്റ്<br>SMC |

CLASS: 3

# ACADEMIC MASTER PLAN

## ENGLISH

### Aim

* To speak, read and write English without any mistakes
* To check the vocabulary and writing skills of pupils.

### Activities: June- July

* Pretest:

  To develop listening skills and reading skills.

* Listening skills:

  Games, Action songs
  - Hello English Activities
  - Conversations
  - skit stories
  - Use ICT

* Speaking skills
  - Identify the action words from the picture

* Make the simple Sentences using the word about picture
* Make simple description about the picture
* Growing sentences, picture reading, self introductions.

August & September

* Develop the creative speaking and writing

Reading skills

Books reading
Find words
collect and read past tense
Rhyming words
TB Activities

Writing skills

Make word web
Picture description
word chain
Make words & sentences
Make riddles, conversations
Add more lines

October & November

* To express thoughts, feelings etc...

Reading skills

- Library book reading
- Conversations, skit, stories, use ICT
- Read Notice
- Develop stories

* Writing Skills

- Description
- Thoughts

December & January

- Develop the creative speaking and writing

Reading skills

- Library books reading
- conversations, skit, stories, use ICT
- Develop story
- Reads Diary

writing skills

Diary

Announcement

February & March

To improve the presentation power

Reading skills

Library books reading, Conversations, skit, Develop story

writing skills

Diary, Descriptions, Thoughts, Exhibition

# English — Std IV

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **ഇംഗ്ലീഷ് അസംബ്ലി (ഇംഗ്ലീഷ് ഭാഷാ പരിപോഷണം)** | | | | |
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ രണ്ടു ദിവസം അസംബ്ലി പോലെ (അസംബ്ലിയുടെ മുഴുവൻ നിയന്ത്രണവും കുട്ടികൾക്ക്) | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| **ഇംഗ്ലീഷ് ഡയറി (ഇംഗ്ലീഷ് ഭാഷാ പരിപോഷണം)** | | | | |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടക്കുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതുന്നു. | ആഴ്ചയിൽ മൂന്നു ദിവസം (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ | |
| **ഇംഗ്ലീഷ് തിയേറ്റർ (ഇംഗ്ലീഷ് ഭാഷാ പരിപോഷണം)** | | | | |
| സർഗാത്മകതാ പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളുടെ വ്യവഹാര രൂപങ്ങൾ അവതരിപ്പിക്കൽ (Skit, Drama, Conversation, Story telling) | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | SMC |

| | | | | |
|---|---|---|---|---|
| ഇംഗ്ലീഷ് മാഗസിൻ | | | | |
| സർഗാത്മകതാ രചനശേഷി വികസനം | മൂന്നു മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസികതയ്യാറാക്കൽ | മൂന്ന് മാസത്തിലൊരിക്കൽ | HM<br>Class Teacher<br>SMC | SMC |
| ഇംഗ്ലീഷ് കോർണർ | | | | |
| വായനാ പരിപോഷണം | കുട്ടികളുടെ നിലവാരത്തിനനുസരിച്ച പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാമൂല ഒരുക്കൽ<br>വായനക്കുറിപ്പ് ഒരുക്കൽ<br>വായനാക്കുറിപ്പ് - പുസ്തക പരിചയം | രണ്ടാഴ്ചയിലൊന്ന് | ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ. |
| ഇംഗ്ലീഷ് ഫെസ്റ്റ്. | | | | |
| ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ<br>ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസമുണ്ടാക്കൽ | വായനാ മത്സരം<br>രചനാ മത്സരം<br>മറ്റു സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം | അവധിക്കാലം | SRG<br>SMC<br>ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ. |

# മലയാളം . IV.

കണ്ടറിയാം... കേട്ടറിയാം...

| | | | | |
|---|---|---|---|---|
| അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT) | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിച്ച് പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | PTA |

രുചിച്ചറിയാം

| | | | | |
|---|---|---|---|---|
| നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള - പാചക കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം ക്ലാസിലൊരു സദ്യ | വർഷത്തിലൊരിക്കൽ | SRG Class Teacher | |

ഓർക്കാം - അഭിമാനിക്കാം (സാഹിത്യകാരന്മാർ)

| | | | | |
|---|---|---|---|---|
| സാഹിത്യകാരന്മാരുടെ ജന്മ - ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ അടുത്തറിയൽ | ഓർമ്മ ദിനങ്ങൾ ആചരിക്കൽ - ഡോക്യുമെന്ററി പ്രദർശനം - പുസ്തക പരിചയം ക്വിസ് ലഘു പ്രഭാഷണം ജീവിതരേഖ തയ്യാറാക്കൽ പതിപ്പ് നിർമ്മാണം | ആവശ്യാനുസരണം | SRG Class Teacher CPTA | |

കലക്കൂട്ട്

| | | | | |
|---|---|---|---|---|
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ | പ്രദേശ വാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക് കലാവതരണം | വർഷത്തിലൊരിക്കൽ | HM SRG CPTA Class Teacher | |

| | | | | |
|---|---|---|---|---|
| | കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ ചമയങ്ങൾ പ്രദർശനം. | | | |
| സർഗ്ഗോത്സവം. | | | | |
| ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗ ശേഷികളുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>CPTA<br>Class Teacher | |

## പരിസരപഠനം (Std IV)

| പ്രവൃത്തി നടത്തേണ്ട ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ...ശീകരണം - ...റിവു നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM CPTA | PTA |
| **ശാസ്ത്രമൂല** | | | | |
| ...ാസ്ത്ര പഠനം ...ർത്തനവും രസകരമാക്കൽ | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM SRG ക്ലാസ് ടീച്ചർ | PTA SSA |
| **ശാസ്ത്രയാത്ര.** | | | | |
| ...ാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ അന്വേഷണ ത്വര വളർത്തൽ | വാന നിരീക്ഷണ കേന്ദ്രം സയൻസ് പാർക്ക് ശാസ്ത്ര മ്യൂസിയങ്ങൾ പ്രദർശനങ്ങൾ [illegible] സന്ദർശിക്കൽ | ആവശ്യാനുസരണം | HM SRG CPTA ക്ലാസ് ടീച്ചർ | PTA രക്ഷിതാക്കൾ |
| **ഭൂപടമൊരുക്കാം.** | | | | |
| ...കേരളം - ഇന്ത്യ ഭൂപട വായന - സൂചിക - പരിചയപ്പെടൽ | ഭൂപട വായന ഭൂപട രചന സൂചികാനിർമ്മാണം | വർഷത്തിലൊന്ന് | SRG ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്ര വിസ്മയ ചുമർ** | | | | |
| ...ാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ ഉപയോഗം | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG ക്ലാസ് ടീച്ചർ | PTA. |

| | | | | |
|---|---|---|---|---|
| ശാസ്ത്രോത്സവം | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | പതിപ്പ്, ചാർട്ട് നിർമ്മാണം, പരീക്ഷണ ഉപകരണം. പരീക്ഷണം ഇവയുടെ പ്രദർശനം. | വർഷത്തിലൊരിക്കൽ | HM<br>SRG<br>ഇൻസ്റ്റിട്യൂഷൻ | PTA |
| ശാസ്ത്ര മാസിക. | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകളുടെ നിർമ്മാണം | വർഷത്തിലൊന്ന് | HM<br>SRG<br>ഇൻസ്റ്റിട്യൂഷൻ | PTA. |

മികവ്... ഗണിതം. ഗണിതം (Std IV)

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത പഠനം രസകരമാക്കൽ (പ്രവൃത്തിയിലൂടെ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ- നടപ്പാക്കൽ- മൂല്യനിർണ്ണയം (ഏണിയും പാമ്പും, ഡയസ് കളി) സങ്കലനം - വ്യവകലനം (ചുവടുകളി) | വർഷം മുഴുവൻ | SRG ക്ലാസ് ടീച്ചർ | |
| **ഒറിഗാമിയിലൂടെ പഠിക്കാം.** | | | | |
| ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ- കരചലന ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | വർഷത്തിലൊരിക്കൽ (ഉചിതമായ സമയത്ത്) | ക്ലാസ് ടീച്ചർ | PTA |
| **ഗണിതലാബ്** | | | | |
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിത ലാബ് ഒരുക്കൽ - പഠനത്തിനു ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM SRG Class Teacher | PTA |
| **ഗണിതചുമർ** | | | | |
| ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിത ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |

ഗണിതോപകരണ ശില്പശാല

| | | | | |
|---|---|---|---|---|
| പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം - പ്രദർശനം. | ആവശ്യാനുസരണം | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ |

ഗണിതമേള

| | | | | |
|---|---|---|---|---|
| ഗണിത ശേഷികളുടെ പ്രകടനം | പ്രശ്നോത്തരി പസിൽ പാറ്റേൺ പഠന ഉപകരണങ്ങളുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | SRG Class Teache | PTA. |

# ഉപസംഹാരം

എ.എൽ.പി.എസ് കുന്നത്തറ സ്കൂളിന്റെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂൾ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായ ദിശാബോധത്തോടെ തയ്യാറാക്കിയതാണ്. കുട്ടിയുടെ സർവ്വതോന്മുഖമായ വികാസമാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമാക്കുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ആശയം പൂർണ്ണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധിക്കും എന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത്. പഠനപ്രവർത്തനങ്ങൾക്ക് അനുബന്ധമായുള്ള ഈ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കാൻ രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും ജനപ്രതിനിധികളുടെയും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെയും സഹായം കൊണ്ട് സ്കൂളിന് സാധിക്കും എന്ന വിശ്വാസത്തോടെയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. അതിനു കഴിയുമെന്ന ഉത്തമ വിശ്വാസത്തോടെ ഞങ്ങൾ ഒത്തൊരുമിച്ച് പ്രവർത്തിക്കും....